# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2759 10/07/2015-ൽ മറുപടിയ്ക്ക്

## തെങ്ങുകൃഷി പ്രോത്സാഹനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കേടായ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നട്ടുപിടിപ്പിക്കുന്ന പദ്ധതിയിലൂടെ എത്ര തെങ്ങുകൾ കഴിഞ്ഞ സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുണ്ട്; കേടായ തെങ്ങ് വെട്ടിമാറ്റുന്നതിന് കർഷകർക്ക് നൽകുന്ന തുക എത്രയാണ് ; | എ) കേടായ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നട്ടു പിടിപ്പിക്കുന്ന പദ്ധതി 2014-15 വർഷം കൃഷി വകുപ്പ് നടപ്പാക്കിയിട്ടില്ല. എന്നാൽ സമഗ്ര നാളികേര വികസന പദ്ധതിയായ "കേരഗ്രാമം" പദ്ധതിയുടെ ഉപഘടകമായും കൃഷിഭവനിലൂടെ നടപ്പാക്കുന്ന മറ്റു പദ്ധതികളിലൂടെയും കേടായ തെങ്ങുകൾ വെട്ടിമാറ്റി 48108 തെങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കേടായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങ് ഒന്നിന് 500 രൂപയാണ് സബ്സിഡിയായി (ഒരു ഹെക്ടറിന് പരമാവധി 5000 രൂപ) നല്കി വരുന്നത്. |
| ബി) തെങ്ങു കയറ്റക്കാരുടെ കുറവുമൂലം കർഷകർ തെങ്ങു കൃഷിയിൽ നിന്നും പിന്മാറുന്ന സാഹചര്യത്തിൽ തെങ്ങുകയറ്റക്കാരുടെ അഭാവം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | ബി) 1. തെങ്ങു കയറ്റക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി കർമസേന രൂപീകരിച്ച് തെങ്ങു കയറുന്നതിന് പരിശീലനം നല്കുകയും തെങ്ങ് കയറ്റയന്ത്രം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 200 പഞ്ചായത്തുകളിൽ കർമ്മസേന രൂപീകരിച്ചിട്ടുണ്ട്.<br>2. സമഗ്ര നാളികേര വികസന പദ്ധതിയായ കേരഗ്രാമം 2014-15 പദ്ധതിയിലൂടെ 1580 തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

3. നാളികേര വികസന ബോർഡ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന പേരിൽ തെങ്ങുകയറ്റ തൊഴിലാളികൾക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും തെങ്ങുകയറ്റ യന്ത്രങ്ങൾ സൗജന്യമായി നല്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കുറിയ ഇനം തെങ്ങിൻ തൈകൾ വെച്ചു പിടിപ്പിക്കുന്നതിന് പ്രോത്സാഹനം നല്കുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**